പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40 — 27/02/2018 ൽ മറുപടിക്ക്

## വ്യവസായ മേഖല കൈവരിച്ച പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.കെ.ജെ. മാക്സി | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം എത്രയായിരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 22655.06 ലക്ഷം രൂപ ആയിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഷ്ടത്തിലായിരുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് പിന്നിട്ട ഇരുപത് മാസം കൊണ്ട് ലാഭത്തിലാക്കുന്നതിന് കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നഷ്ടത്തിലായിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവങ്കൂർ കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് എന്നീ വ്യവസായ സ്ഥാപനങ്ങൾ ഇക്കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | സർക്കാരിന്റെ വ്യവസായ നയവും കാര്യക്ഷമമായ ഇടപെടലും മൂലം 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ മേഖല കൈവരിച്ച പുരോഗതി വിശദമാക്കുമോ? | (സി) | 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന അഞ്ച് സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക |

ധനസഹായം 2016-17ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിൻെറ നയത്തിൻെറ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡിൻെറ പാലക്കാട് യൂണിറ്റിനെയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ കിൻഫ്രയ്ക്ക് വിവിധ പാർക്കുകളിലായി നാളിതുവരെ 88 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി നൽകിയിട്ടുണ്ട്. പ്രസ്തുതസ്ഥലങ്ങളിൽ നടപ്പിലാക്കാനുദ്ദേശിയ്ക്കുന്ന പദ്ധതികളുടെപ്രോജക്ട് റിപ്പോർട്ട് പ്രകാരം 66 കോടി രൂപയുടെ നിക്ഷേപവും 574 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലത്തെ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ പുതുതായി 12459 യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. ഇതുവഴി സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്ത് 98 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുകയും അതുവഴി പുതുതായി 40470 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കരകൗശല കൈത്തൊഴിൽ വ്യവസായ മേഖലയിൽ ആർട്ടിസാൺമാരെ സംരംഭകരാക്കി മാറ്റുന്നതിന് നാന്ദികുറിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ ഒരു വീട്ടിൽ ഒരു തറി എന്നപദ്ധതി പ്രകാരം തറി സൗജന്യമായി നൽകി ഹാൻവീവ് തുടർച്ചയായി ജോലിയും

വേതനവും നൽകി വരുന്ന പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ 3500 ൽ അധികം നെയ്ത്തുകാർക്കും അവരുടെ ഇരട്ടിയോളം വരുന്ന അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നൂതനമായ ആശയങ്ങളുമായി വന്ന ഇരുപതോളം യുവ സംരംഭങ്ങൾക്ക് 6 കോടിയോളം രൂപ പ്രാഥമിക മൂലധനസഹായമായി നൽകിയിട്ടുണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സിയുടെ മൂലധനസഹായം സ്വീകരിക്കുന്നസംരംഭങ്ങളും ഇൻകുബേറ്റ് ചെയ്തിട്ടുള്ള യുവ സംരംഭങ്ങളും കൂടി 600 ൽ പ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധനനിക്ഷേപമായി 30 കോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയും ഉണ്ടായി.

2017–18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഐ.ഡി.സി. 179.68 കോടി രൂപ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് 87.86 കോടി രൂപ നേരിട്ടുള്ള വായ്പ സഹായമായും 3 കോടി രൂപ ഓഹരിയായും നൽകുകയും 1100 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

**DETAILS OF NET PROFIT / LOSS OF PSUs UNDER INDUSTRIES DEPARTMENT - 2015-16**

Rs.in lakhs

| Sl.No | Company | Net profit / Loss |
|---|---|---|
| **Profit Making Units** | | |
| 1 | Kerala State Industrial Development Corporation Ltd | 4,999.16 |
| 2 | Malabar Cements Ltd | 3,867.76 |
| 3 | The Kerala Minerals and Metals Ltd | 327.49 |
| 4 | Kerala State Electronics Development Corporation Ltd | 102.56 |
| 5 | Forest Industries (Travancore) Ltd | 87.51 |
| 6 | Kerala Artisan's Development Corporation Ltd | 45.31 |
| 7 | Steel Industrials Kerala Ltd | 27.00 |
| 8 | Keltron Electro Ceramics Ltd | 11.77 |
| **Sub Total (A)** | | **9468.56** |
| **Loss Making Units** | | |
| 1 | Kerala State Mineral Development Corporation Ltd | -17.33 |
| 2 | Kerala State Palmyrah Products Development & Workers Welfare Corporation Ltd | -33.00 |
| 3 | Keltron Component Complex Ltd* | -52.00 |
| 4 | Steel and Industrial Forgings Ltd. | -77.00 |
| 5 | Hantex | -113.99 |
| 6 | The Metal Industries Ltd | -205.19 |
| 7 | Trivandrum Spinning Mills Ltd | -266.36 |
| 8 | Handicrafts Development Corporporation (Kerala) Ltd | -306.84 |
| 9 | Alleppey Co-operative Spinning Mills Ltd | -432.84 |
| 10 | Kerala State Industrial Enterprises Ltd | -433.85 |
| 11 | Travancore Titanium Products Ltd | -447.45 |
| 12 | Kerala Clays & Ceramic Products Ltd. | -465.20 |
| 13 | Kerala State Drugs & Pharmaceuticals Ltd | -498.42 |
| 14 | United Electrical Industries Ltd | -540.12 |
| 15 | Sitaram Textiles Ltd | -552.53 |
| 16 | The Quilon Co-operative Spinning Mills Ltd | -613.96 |
| 17 | The Kerala Ceramics Ltd | -629.90 |
| 18 | Kerala Automobiles Ltd | -651.15 |
| 19 | The Trichur Co-operative Spinning Mills Ltd | -685.97 |
| 20 | Kerala Small Industries Development Corporation Ltd | -719.12 |
| 21 | Kerala State Bamboo Corporation Ltd. | -727.55 |
| 22 | Travancore-Cochin Chemicals Ltd | -737.00 |
| 23 | The Cannannore Co-operative Spinning Mills Ltd | -777.77 |
| 24 | Kerala State Handloom Development Corporation Ltd | -883.28 |
| 25 | The Malappuram Co-operative Spinning Mills Ltd | -945.05 |
| 26 | Traco Cable Company Ltd | -969.89 |
| 27 | Autokast Ltd | -1,097.40 |
| 28 | The Travancore Cements Ltd | -1205.00 |
| 29 | SAIL-SCL Kerala Ltd | -1,415.37 |
| 30 | Transformers and Electricals Kerala Ltd | -1,479.00 |
| 31 | Kerala Electrical & Allied Engineering Company Ltd. | -1,725.83 |
| 32 | Kerala State Textile Corporation Ltd | -2,949.70 |
| **Sub Total (B)** | | **-22,655.06** |
| | **Grand Total (A+B)** | **-13186.50** |